PHONE : OFFICE 60692

CHEMMANAM CHACKO DIRECTOR DEPARTMENT OF PUBLICATIONS UNIVERSITY OF KERALA TRIVANDRUM INDIA

5. 12. 1977

ബഹുമാന്യമിത്രമേ,

ഒ.എൻ.വി. പറഞ്ഞറിഞ്ഞ് ഉള്ളിൽ തോന്നിയ ബഹുമാനത്തോടെയാണ് താങ്കളെ മുമ്പിൽ കാണുംവിധം സംബോധനചെയ്തിട്ടുള്ളത്. 'മിത്രമേ' എന്ന സംബോധന ചെയ്യുന്നതിന് എടുത്ത സ്വാതന്ത്ര്യത്തെ സദയം ക്ഷമിക്കണം. ഒരു കാര്യത്തിന്ന് തിടുക്കപ്പെടുത്തുന്നു. എന്നെ അടുത്ത പരിചയപ്പെടുത്തുന്നതിന് ഇതോടെ ഒരു കടലാസു വച്ചിട്ടുണ്ട്.

കേന്ദ്രസാഹിത്യഅക്കാദമി എനിക്ക് ഒരു travel grant നൽകി. കൽക്കത്തയും ശാന്തിനികേതനവും കാണാനാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നത്. അങ്ങനെ എന്റെ ആദ്യത്തെ കൽക്കത്താ സന്ദർശനം സഫലമാകുകയാണ്. അപരിചിതമായ ഒരു മഹാനഗരത്തിൽച്ചെല്ലുമ്പോൾ സ്വാഭാവികമായും എന്റെ നാട്ടുകാരുടെയും ഭാഷക്കാരുടെയും വിവരം തിരക്കി. അങ്ങനെയുള്ള അന്വേഷണം ഇതാ, ഈ കത്തു വരെ എത്തിയിരിക്കുന്നു.

താങ്കളെ കാണുവാനും പരിചയപ്പെടുവാനും മാത്രമായിരുന്നെങ്കിലും ഞാൻ ഇങ്ങനെയൊരു കത്തെഴുതുമായിരുന്നു. എന്നാൽ ഇതിനുംപുറമെ, ഒരു ആവശ്യക്കാരന്റെ സ്ഥാനത്തു നിന്നു കൊണ്ടുകൂടിയാണ് ഈ കത്ത്. ആവശ്യം പരിമിതമാണ്: ഞാനും ഭാര്യയും കൂടിയാണ് വരുന്നത്. വേണ്ട ഒരുക്കങ്ങൾ ചെയ്തു കൊണ്ടുവരുവാൻ സാവകാശം കിട്ടിയില്ല. സാഹിത്യഅക്കാദമി റീജിയണൽ സെക്രട്ടറി ഡോ. ഇന്ദ്രനാഥ ചൗധരിയ്ക്ക് പ്രോഗ്രാം നൽകി അറിയിച്ചിട്ടുണ്ട്. (ഫോൺ 46 1399) ഒരു മുറി, മിതമായ വാടകയ്ക്കുള്ളത്, ഞങ്ങൾക്കു വേണ്ടി റിസർവ് ചെയ്താൽ കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. ചെയ്യുമോ ആവോ? അക്കാദമി തരുന്ന T.A. പരിമിതമാകയാലാണ് മിതമായ വാടകയ്ക്കുള്ള മുറി എന്നെഴുതിയത്.

residence: chemmanam vazhuthakkadu trivandrum pin 695014 kerala phone: 61022

ഹൗറയിൽവന്നാൽ നഗരത്തിന്റെ തിരക്കിൽ ഞങ്ങൾ
കാണാതെപോകരുത് എന്നതാണ് പ്രധാന കാര്യം.
ഞാൻ ഡിസം. 13 ചൊവ്വ രാവിലെ 8.15(?) ന് നമ്പർ
142. Coromandel Express-നാണ് വരുന്നത്.
Second Class berth റിസർവ് ചെയ്തു. ഒരു താമസസ്ഥ-
ലം, മിതമായ വാടകയുള്ളത്, ഉണ്ടാകണം. തീ-
വണ്ടിയാപ്പീസിൽ നിന്നും വിഷമമില്ലാതെ അവിടെ
എത്തണം. പിന്നീടു യാത്രകൾക്കു വേണ്ട നിർദ്ദേശങ്ങ-
ളും ലഭിക്കണം. (കൽക്കട്ടയിലെ പ്രധാന സ്ഥലങ്ങൾ
കാണുക; ചില ബംഗാളി സാഹിത്യകാരന്മാരെ സന്ദർശിക്കുക;
കഴിയുന്നിടത്തോളം മലയാളി സുഹൃത്തുക്കളെ പരിചയ-
പ്പെടുക — ഇതൊക്കെയാണ് ലക്ഷ്യം. ശാന്തിനികേതനത്തിലും
പോകണം.). സുരക്ഷിതവും ഒരുവിധം സൗകര്യപ്രദ-
മായ ഒരു താമസസ്ഥലം കണ്ടുപിടിക്കുന്നതിനും
ഹൗറയിൽ നിന്ന് അവിടെ എത്തിച്ചേരുന്നതിനും സഹാ-
യിക്കുമെങ്കിൽ മറക്കാത്ത ഒരു ഉപകാരമായിരിക്കും.
താങ്കൾക്കു ഫലപ്രദമായി ഇതിൽ തന്നെ സഹായിക്കാൻ
കഴിയുമെങ്കിൽ, സദയം ഒരു കത്ത് ഉടനെ അയക്കണ-
മെന്ന് അപേക്ഷ. സൗകര്യമനുസരിച്ച് ചുരുങ്ങിയ കത്ത് മറുപടിയായി
അയക്കാം. എനിക്ക് പോരുന്ന ദിവസങ്ങൾ കാട്ടിയിട്ട്
ഞാൻ എന്റെ വിശദവിവരം ചേർത്ത് ഒരു കത്ത് കൂടി
എഴുതുന്നതാണ്. ഞാൻ മറ്റു ചിലർക്കു കത്തെഴുതുന്നുണ്ട്.
എങ്കിലും താങ്കളെപ്പോലെ സഹായമനസ്ഥിതിയുള്ളവരിൽ
നിന്നും പ്രതീക്ഷിക്കുന്നില്ല. താങ്കൾക്കു സൗകര്യം ഉണ്ടെ-
ന്നാണെങ്കിൽ മതിയാവും. ഞാൻ ആരുടെയും ഒരു ഭാരമാക-
രുതെന്ന പ്രത്യേകം എനിക്ക് ആഗ്രഹമുണ്ട്. — ഇതൊ-
ക്കെ ആവശ്യപ്പെടുന്നത് ഒരു അധികപ്പറ്റാണെന്ന്
അറിഞ്ഞുകൂടായ്കയല്ല; മറ്റുപോംവഴി ഒന്നും ഇല്ലാ-
യ്കയാലാണ്. വീണ്ടും ക്ഷമാപണം.

കാണുന്നതിനും പരിചയബന്ധം സ്ഥാപിക്കുന്നതിനും
കാത്തിരിക്കുന്ന ആശംസകളോടെ,

വിനീതൻ, [signature]
ഉഴവന്